# പട്ടം

2018-19



ഡിജിറ്റൽ മാഗസിൻ

ജി എച്ച് എസ് ചേനാട്

# പട്ടം

ഗവ.എച്ച്.എസ് ചേനാട്
2018–19



# ആശംസ

.................................

കേരളത്തിലെ വിദ്യാഭ്യാസം , ഹൈടെക് യുഗത്തിലൂടെ കടന്നുപോയികൊ രിക്കുകയാണ് .വിദ്യാർത്ഥികൾക്ക് നൂതന പഠനപ്രവർത്തനങ്ങളും ആശയങ്ങളും നേടിയെടുക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ് ചെലുത്തിയ സ്വാധീനം വളരെ വലുതാണ്.ചേനാട് ഗവ:ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ അവരുടെ കഴിവുകളും ഭാവനകളും ഉപയോഗിച്ച് **'പട്ടം'** എന്ന പേരിൽ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസീന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. അതോടൊപ്പം ഈ ഡിജിറ്റൽ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ അംഗങ്ങൾക്കും ആശംസകൾ നേരുന്നു

സ്നേഹ പൂർവ്വം
രാജൻ വി.പി (പ്രധാനധ്യാപകൻ)

# ആശംസ

ചേനാട് ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ കെട്ടിലും മട്ടിലും മികച്ച നിലവാരം പുലർത്തുന്നതാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികളെയും അധ്യാപകരെയും അഭിനന്ദിക്കുന്നതിനോടൊപ്പം ഈ മാഗസിൻ എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹ പൂർവ്വം

രവീന്ദ്രൻ പി ആർ(പി.ടി.എ പ്രസിഡന്റ്)

# ആശംസ

...................................

ചേനാട് ഗവ :ഹൈസ്കൂളിൽ 2018-2019 അധ്യയനവർഷത്തിൽ നടപ്പാക്കുന്ന പുതുസംരഭമായ ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ പഠനപ്രവർത്തനങ്ങൾക്ക് നവീനമായൊരു ദിശാബോധം നൽകുമെന്ന് പ്രതീക്ഷിച്ചുകൊള്ളുന്നു .

ഈ ഡിജിറ്റൽ മാസികയുടെ നിർമാണത്തിൽ സജീവമായി പ്രവർത്തിച്ച അണിയറ പ്രവർത്തകർക്ക് എന്റെ എല്ലാവിധ ഭാവുകങ്ങളും നേർന്നു കൊള്ളുന്നു.

മുരളി പി വി (സ്റ്റാഫ് സെക്രട്ടറി )

# പത്രാധിപ സമിതി

*************************************************************************

| | | |
|---|---|---|
| രക്ഷാധികാരി | : | രാജൻ വി.പി (പ്രധാന അധ്യാപകൻ) |
| സ്റ്റാഫ് എഡിറ്റേഴ്സ് മിസ്റ്റ്ടസ്) | : | അമ്പിളി എൻ.വി (ലിറ്റിൽ കൈറ്റ്<br>എം.ജി ഷാജി (ലിറ്റിൽ കൈറ്റ് മാസ്റ്റർ) |
| സ്റ്റുഡന്റ് എഡിറ്റർ | : | ലിയ ഫാത്തിമ |
| സബ് എഡിറ്റേഴ്സ് | : | കൈലാസ് നാഥ്<br>അഖിൽ കെ എസ് |

എഡിറ്റോറിയൽ ബോർഡ് :



അർച്ചന വിനയൻ
ഗോപിക കെ.എസ്
ഫിദ പാത്തിമ
ജയശ്രീ കെ ജെ
അഭിനവ് പി.എസ്
അക്ഷയ് വി.എ
ഹരിപ്രിയ
ഹെൽബിൻ ലാലു
അജയ് വി എ

# കൂട്ടുകാരേ............



അറിവിന്റെയും
സർഗാത്മകതയുടെയും
പുതിയ തലങ്ങൾ തേടുകയാണ്
ചേനാട് ഗവൺമെന്റ് ഹൈസ്കൂളിലെ
ഒരു കൂട്ടം വിദ്യാർത്ഥികൾ .
ഇത് ഡിജിറ്റൽ യുഗമാണ്,
കണ്ടും കേട്ടും പരിചയിച്ചും നേടിയെടുത്ത കഴിവുകളെ
വിവര വിനിമയ സാങ്കേതിക വിദ്യയുടെ
പുതു ലോകത്തേക്ക് കൂട്ടികൊണ്ടു പോവുകയാണ് ഞങ്ങൾ.

ലിറ്റിൽ കൈറ്റ്സിലെ രസകരമായ
പഠന പ്രവർത്തനങ്ങളിലൂടെ ഞങ്ങൾ നേടിയെടുത്ത
അറിവുകളുടെയും അനുഭവങ്ങളുടെയുആവിഷ്കാരമാണ് **'പട്ടം'.**

# ഉള്ളടക്കം


- പെൺകുട്ടിയോട് ..........................................................കവിത.................... 9
- തീരദുഃഖങ്ങളുടെ ചോദ്യ ചിഹ്നമായി ഞാൻ വെറുതെ.............കഥ .................. 10
- വഴിയാത്ര.......................................................................കവിത...................11
- വേർപാട്.......................................................................കഥ ............... 12,13
- തെംസ്നദിയോട്..............................................................കവിത.................14
- ചിത്രം.............................................................................................................15
- സ്വയം കൊല്ലുന്നവർ.......................................................... കവിത.................16
- വിശ്വം ദീപമയം ..............................................................കവിത..................17
- പേമാരിയോർമ...............................................................കഥ.....................18
- എന്റെ കൊച്ചു പെങ്ങളും പൊരുതുന്ന ജീവിതവും.................... കവിത 19,20
- ഒരു മുത്തശി മാവിന്റെ കഥ ..............................................കഥ.......................21
- കൺതുറക്കാത്തമനുഷ്വത്വം............................................... .കവിത..................22
- ചിത്രം.............................................................................................................23
- നഗരത്തിൽ ഒരു യക്ഷകൻ ..................................................കവിത.................24
- ചിത്രം.............................................................................................................25
- അമ്മ എന്ന മുല്ല മൊട്ട്.........................................................കവിത..................26

# പെൺകുട്ടിയോട്

പെൺകുട്ടികളാരുമശക്തരല്ല
ഒരുമൂലയിലൊതുങ്ങിക്കഴിയേണ്ടവരല്ല
ചുറ്റുമുണ്ടാകും ചെന്നായിക്കളാകും മനുഷ്യർ,
നാരികളാകും നിങ്ങളെ താഴ്ത്തുവാനങ്ങനെ.



ആരാരും കൂട്ടിനില്ലെങ്കിലും
തുണയില്ലെങ്കിലുമീശ്വരനുണ്ട് കൂടെ
ഉയർന്നുവരികിൻ
പ്രതിസന്ധികളെ തരണം ചെയ്യുവിൻ.

നിങ്ങൾക്കുകഴിയുന്നുയരാൻ,പറക്കാൻ
സൂര്യനെ തൊട്ടുലകം കീഴടക്കാൻ
നിങ്ങൾക്കുമാകാം ഭൂമിയിലെ ശ്രേഷ്ഠർ
മറ്റുളവർ നീട്ടും കുന്തത്തിൽത്തട്ടിവീഴാതെ,
ആളുംതീയിലെരിയാതെ ഉയരുവിൻ
സൂര്യനെത്തൊട്ടുവാൻ, ഈ ഭൂവിൻ താരങ്ങളാകാൻ.

നിങ്ങൾക്ക് കഴിയും,നിങ്ങൾക്കുനേടാം
അക്ഷരമാമറിവുകൾ
നിങ്ങളുയരുവിൻ നിങ്ങൾക്കാകുമെല്ലാം
നിങ്ങൾക്കുസാധിക്കാത്തതൊന്നുമില്ല.

ഉയരുവിൻ പുരുഷരോടൊപ്പം
ഒന്നും പുരുഷനുമാത്രമല്ല,
ഒന്നോർക്കുക പുരുഷനെ ശൃഷ്ടിക്കുന്നത്

സ്ത്രീതന്നെ...
സ്ത്രീ തന്നെയാണ് ശ്രീ,സ്ത്രശക്തിയാണ്
**പ്രപഞ്ചത്തിലെയതുല്യശക്തി.**

കഥ

ഷിഫ്ന ഷെറിൻ 10 ബി

# തീരദുഃഖങ്ങളുടെ ചോദ്യ ചിഹ്നമായി ഞാൻ വെറുതെ

എങ്ങും നിശബ്ദവും വികാരഭരിതമായ കുറേ മുഖങ്ങളും മാത്രം.പക്ഷെ ആ കടൽതീരത്ത് ഒറ്റക്കിരിക്കുമ്പോൾ മനസ്സ് വല്ലാതെ പിടഞ്ഞു.കരഞ്ഞു തീർത്ത ഒരുപാട് ജന്മങ്ങൾ.അവ നീര് വറ്റിയ കിണറു പോലെ വരണ്ടിരിക്കുന്നു.എല്ലാ സങ്കടങ്ങളും പേറിക്കൊണ്ട് കടലമ്മ ആർത്തടിച്ച് കരയുന്നു.ആ സങ്കടത്തിൽ ആരുടെയൊക്കെയോ ജീവനു വേണ്ടി അലഞ്ഞുതിരിയുന്ന ഒരുപാട് പേരുടെ വേർപാട്.പലരുടെയും വീട് നഷ്ടപ്പെട്ടു.സ്വന്തം എന്നു പറയാൻ മാത്രം ഉണ്ടായിരുന്ന പലതും,ഓർമ്മകൾ മാത്രം ഇനി സ്വന്തം.ബാക്കിയെല്ലാം പ്രളയം കൊണ്ടു പോയി.

എത്രയോ വർഷങ്ങൾക്കു ശേഷം കേരളത്തെ തന്നെ നടുക്കിയ പ്രളയം.വിടർന്നു വരുന്ന റോസാപ്പൂ പോലും മഴയെ പേടിച്ച് തന്റെ പുതു ജീവൻ തിരിച്ചു വാങ്ങി. നാളേയ്ക്കു വേണ്ടി എല്ലാവരും കരുതിവച്ച പലതും എന്നല്ലാ എല്ലാംകൊണ്ടു പോയി. മുറ്റത്തു കളിച്ചു കൊണ്ടിരിക്കുകയായിരുന്ന അമ്മുവും അച്ചുവും. പെട്ടെവിടെ നിന്നൊ ഒരു ഇരമ്പൽ ഒരു അട്ടഹാസം. എന്തിനെക്കയോ വാങ്ങാൻ വേണ്ടി ഓടി വരുന്ന ഒരാളെ പോലെ മഴ വരുന്നു. അപ്പോഴും അവർ ഒന്നും അറിഞ്ഞില്ല . അകത്ത് നിന്ന് അമ്മ ഉറക്കെ മക്കളെ വിളിച്ചു. അമ്മു അച്ചു അകത്തു കയറ് . അവർ ഒന്നും വക വെക്കാതെ കളിച്ചുകെമ്ടിരുന്നു. പെട്ടെന്ന് ആകാശം ഇടിഞ്ഞു വീഴുന്നതു പോലെയുള്ള ശബ്ദം. മഴ തകർത്ത് പെയ്യാൻ തുടങ്ങി. കുട്ടികൾ കരഞ്ഞു വിളിച്ച് അകത്ത് കയറി. ആ മഴ ഓരോ ജീവനും എടുത്തു കൊണ്ടിരുന്നു.

**വലിയ മാളികയിൽ താമസിച്ചിരുന്നവർ ഒന്നിനും പഞ്ഞം അറിയാതെ സുക ജീവിതം നയിച്ചു പോന്നവർ. എന്നാൽ ഇന്നവർ പുറത്ത് . അവരുടെ വീടവർക്ക് അന്യം.ഭക്ഷണം പുറത്തു നിന്ന് മാത്രം കഴിച്ചവർ ഇപ്പോൾ അതിനു വേണ്ടി കൈ നീട്ടുന്നു. ഉടു തുണിക്ക് മറു തുണിയില്ലാതെ അവർ ജീവിക്കുന്നു. ഓരോരുത്തരും ജീവിത സംരക്ഷണത്തിനു വേണ്ടി ക്യാമ്പുകളിൽ ജാതി-മത-വർഗ ഭേതമന്യേ എല്ലാവരെയും സഹായിക്കുന്നു. ഒരു പ്രളയം വന്നപ്പോൾ കേരളം ഒന്നിച്ച്. ഓരോ അമ്മമാരുടെയും സഹോദരങ്ങളുടെയും കഥ വായിച്ചറിയാൻ അവരുടെ സാഹചര്യം നാം അറിയണം. നാളയുടെ വെള്ളിനാളമായി തിളങ്ങാൻ അമ്മമാർ പൊന്നു പോലെ കാത്തു വച്ച മക്കൾ. പത്തുമാസം ചുമന്ന് പ്രസവത്തിനു ദിവസങ്ങളുള്ളപ്പോൾ വിരുന്നു വന്നവൻ. എല്ലാ ദുഃഖങ്ങളും സഹന ക്ഷമതയോടെ എല്ലാത്തിന്റെയും ചോദ്യ ചിഹ്നമായി ഞാൻ.................................**

കവിത

ഷൗഫില ടി.എ 10 ബി

# വഴിയാത്രയിലൂടെ

പോകുന്നതാ വിശന്നു വലഞ്ഞ്
തിളക്കുന്ന ചൂടിൽ തോഴിലേന്തി
പോകുന്നതാകുളവും വയലും
പുൽമേട്ടുകളും താണ്ടിതോളിലേന്തി
കൂട്ടിന്ന് ഇളം കാറ്റില്ല വണ്ടിയില്ല
കൂട്ടിന്ന് ഒരു കൊച്ചു പുത്രിമാത്രം
കാലിൽ ചെരിപ്പിച്ച തുണിയിൽ അഴുക്കുമായ്
കാൽ തുടരുന്നു തോളിലേന്തി

പോകുന്നതാ വിശന്നു വലഞ്ഞ്
തിളക്കുന്ന ചൂടിൽ തോഴിലേന്തി
ഇവരുടെ കണ്ണുകളിൽ നിന്ന്
അതിരില്ലാതെ അറ്റുവീഴുന്നു കണ്ണുനീർ തുള്ളികൾ

തോളിലേന്തുന്നത് കുടമല്ല മരമല്ല
പതിയുടെ മൃദുദേഹമാണ്
മനുഷ്വത്തമില്ലാത്ത ആൾക്കൂട്ടത്തിൽ നിന്ന്
കുതിച്ചു വരുന്ന ഒരു വ്യക്തി മാത്രം

തിളക്കുന്ന ചൂടിൽ വീണ്ടും മുന്നോട്ട്
നീങ്ങുന്നതാ ദാരിദ്ര്യത്തിൽ
നടുവിലെ രണ്ടു മനസ്സുകൾ
പായയുടെ ഉള്ളിലെ  മൃദുദേഹവുമായ്
മുന്നോട്ട് നീങ്ങുന്നു പെരും ചൂടിൽ
ഒരു  മൃദുദേഹവുമായ് പോകുന്നു
ജീവനും അതി ജീവനുമായ് പെരും ചൂടിൽ
പോകുന്നതാ വിശന്നു വലഞ്ഞ്
തിളക്കുന്ന ചൂടിൽ തോളിലേന്തി

ഉണ്ണിമായ 9A

കഥ

# വേർപാട്

അഞ്ജു പാവപ്പെട്ട ഒരു കുടംബത്തിലെ ഒരംഗമാണ്.അവരുടെ ഗ്രാമമാണ് നെല്ലോങ്കര.ഈ ഗ്രാമത്തിലെ പ്രധാന കൃഷിയിനം നെല്ലായിരുന്നു.അതുകൊണ്ടാണ് നെല്ലോങ്കര എന്ന പേര് ഈ ഗ്രാമത്തിന് കിട്ടിയത്.അഞ്ജുവിന്റെ പിതാവ് പി.സുരേന്ദ്രൻ,മാതാവ് പാറുക്കുട്ടി.പിന്നെ അഞ്ജുവിന്റെ സഹോദരൻ പ്രവീൺ.ഇവരുടേത് നെല്ലോങ്കര ഗ്രമത്തിലെ ഏറ്റവും പാവപ്പെട്ട കുടംബമാണ്.ഇവർ ജീവിതത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നു.എന്നും അഞ്ജു വൈകുന്നേരം ദീപം വയ്ക്കുമ്പോൾ സൂര്യദേവൻ പറ്റെ മറയുന്നത് നോക്കിനിൽക്കുമായിരുന്നു.അഞ്ജു ഇപ്പോൾ എട്ടാം ക്ലാസ്സിനാണ് പഠിക്കുന്നത്, പ്രവീൺ അഞ്ചാം ക്ലാസ്സിലും.അഞ്ജുവിന്റെ പ്രിയപ്പെട്ട കൂട്ടുകാരിയായിരുന്നു നാജിയ.ഇരുവരും നല്ല കൂട്ടുകാരികളാണ്.നെല്ലോങ്കരയ്ക്ക് ഇത്തിരി അകലെയുള്ള പഠിപ്പുര എന്ന സ്ഥലത്താണ്.പിതാവിന്റെ പേര് അഹമ്മദ്,മാതാവ് ജസിയ.അവരുടെ ഏകമകളാണ് നാജിയ.നാജിയയും അഞ്ജുവിനെ പോലെ സന്ധ്യാനേരത്ത് സൂര്യൻ മറയുന്നത് നോക്കിനിൽക്കുമായിരുന്നു.നാജിയ ഒരു ദിവസം അഞ്ജുവിന്റെ വീട്ടിൽ പോയി.അഞ്ജു അവൾക്ക് സദ്യ നൽകി,ശേഷം അവർ വയൽ ചുറ്റി നടക്കാൻ ഇറങ്ങി.അപ്പോൾ നാജിയ പറഞ്ഞു:അഞ്ജു,സൂര്യൻ അസ്തമിക്കുന്നത് കടൽത്തീരത്ത് പോയി കാണാൻ എന്തു മനോഹരമാണെന്നോ!എന്നെ ഇന്നലെ ഉപ്പ ബീച്ചിൽ കൊണ്ടുപോയി,അവിടുന്ന് ഞാൻ ഐസ്ക്രീം കഴിച്ചു.അവിടുന്ന് സൂര്യാസ്തമയം കാണാൻ എന്ത് രസമാണെന്ന് പറഞ്ഞറിയിക്കാൻ പറ്റില്ല.

അങ്ങനെ നാജിയ ഓരോ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു.

നേരമായപ്പോൾ ഇരുവരും വീട്ടിലേക്ക് നടന്നു.അഞ്ജുവിനും കടൽത്തീരത്ത് പോയി സൂര്യസ്തമയം കാണണമെന്ന ആഗ്രഹം തോന്നി.

അവളത് വീട്ടിൽച്ചെന്ന് അച്ഛനോടുമമ്മയോടും പറഞ്ഞു.അച്ഛൻ പറഞ്ഞു,

"അച്ഛന്റെ കയ്യിൽ ഇപ്പോൾ പൈസയില്ല മോളെ,അടുത്ത ശമ്പളം കിട്ടുമ്പോഴാകാം."

"ശരി അച്ഛാ

കുറച്ചു ദിവസു കഴിഞ്ഞ ശമ്പളം കിട്ടിയപ്പോൾ അച്ഛൻ പറഞ്ഞു മോളെ നമുക്കെല്ലാവർക്കും നാളെ ബീച്ചിൽ പോകാം.

പിറ്റേന്ന് അവരെല്ലാവരും കൂടെ ബീച്ചിൽ പോയി.ബീച്ചെല്ലാം ചുറ്റിനടന്ന് കണ്ടുക്കഴിഞ്ഞപ്പോൾ പ്രവീൺ ഐസ്ക്രീം കഴിക്കണമെന്ന് പറഞ്ഞ് കരച്ചിലായി.അപ്പോൾ അച്ഛൻ പറഞ്ഞു, മോനെ ഐസ്ക്രീം പിന്നെ കഴിക്കാം, ഇപ്പോൾ കടൽത്തീരം ചുറ്റിക്കാണാം.

അപ്പോൾ അഞ്ജു പറഞ്ഞു, അച്ഛാ ഞാൻ ഇവിടെ നിന്ന് കടൽ നോക്കി നിന്നോട്ടെ?
ശരി
അങ്ങനെ കുറേനേരം കഴിഞ്ഞ് സൂര്യനസ്തമിക്കുമ്പോൾ ശരിക്കും കടൽ സൂര്യനെ വിഴുങ്ങുന്നതുപോലെയാണ്.തിരിച്ച് വീട്ടിലേക്ക് പോകാൻ നോക്കുമ്പോൾ അവളുടെ അച്ഛന്റെയൊരു കൂട്ടുകാരനെക്കണ്ടു .അവരോട് വർത്തമാനമൊക്കെ പറഞ്ഞ് ബീച്ചിൽ നിന്ന് ഐസ്ക്രീമൊക്കെക്കഴിച്ചു.
അവർ വീട്ടിലേക്ക് തിരിച്ചുപോയി.പിറ്റേന്ന് സ്കൂളിൽ പോയപ്പോൾ നാജിയയോട് ബീച്ചിൽ പോയി സൂര്യാസ്തമയം കണ്ട കാര്യം പറഞ്ഞു.
ഒരേ സമയം ഒരേ ചോദ്യം അവരുടെ മനസ്സിൽ തോന്നി!അതവർ പരസ്പരം പറഞ്ഞു!സൂര്യൻ അസ്തമയം കഴിഞ്ഞ് എങ്ങോട്ടാ പോകുന്നേ?..
ഒരേ ഒരു ചോദ്യം, പക്ഷേ സമയമേറെയായിട്ടും യോജിച്ച ഉത്തരം കിട്ടിയില്ല!ആ ചോദ്യമോർത്ത് അവരിവരും സൂര്യാസ്തമയം നോക്കി നിൽക്കും.കടൽത്തീരത്തൊറ്റയ്ക്ക് സൂര്യാസ്തമയം നോക്കി നില്ക്കാൻ എന്ത് രസമാണ്.

കാലം കടന്നുപോയി,അവർ രണ്ടുപേരും വെവ്വേറെ സ്കൂളിൽ പോയി, ഇരുവരും പിരിഞ്ഞു.

# തെംസ്നദിയോട്

ആരോ പറയുന്ന തെംസ്നദി,നിന്നോടു
മൂകാനുരാഗം കലർന്നൊരാൾ വന്നപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
യാതന കണ്ട മിഴികൾനിറയവേ




രണ്ടുതുള്ളിച്ചുടുന്നീർ നിൻ കറുപ്പാർന്ന
നെഞ്ചത്തു വീണപോൽ,അത്ഭുതം! പെട്ടന്ന
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപോൽ തെംസ്നദി!
ആ രാഗമല്ലലായി ദീപ്രമാം യത്നമായി-
ത്തീരവെ രണ്ടു കരങ്ങലൊരായിരം
ധീരഹസ്തങ്ങളായി മാറി, നിൻ നിർജീവ-
വാരിയെക്കോരിക്കഴുകിയെടുത്തുപോൽ!

ഇന്നു നീ വീണ്ടും തിരിച്ചൊഴുകുന്നപോൽ!
നിൻമാറിലന്നങ്ങൾ വന്നിറങ്ങുന്നപോൽ
ളമലർമൊട്ടുപോൽ പിന്നെയും നിൻ പ്രിയ
സാമൺ തുടിച്ചു വിടർന്നു കളിപ്പുപോൽ!

**സംമ്പാതക : ലിയ ഫാത്തിമ 9 ബി**

പട്ടം



**അഖിൽ കെ എസ് 9 B**

കൈലാസ് നാഥ് പി വി 9A ചെറുകഥ

# ......സ്വയം കൊല്ലുന്നവർ......

കുന്നിൻമുകളിലെ ഉണക്കമരത്തിലായിരുന്നു വേഴാമ്പൽ അടയിരുന്നത്.ആൺപക്ഷി തീറ്റത്തേടിക്കൊണ്ടുവന്ന് കൊടുക്കും.

ഒരുദിവസം ആൺപക്ഷി തീറ്റത്തേടാൻ പോയനേരം,
ആദ്യത്തെ മുട്ട വിരിഞ്ഞു.അമ്മവേഴാമ്പലിന്റെ മനസിൽ ആയിരമായിരം പൂക്കൾ വിരിഞ്ഞു.അതിന്റെ ഗന്ധം അതികനേരം നീണ്ടുനിന്നില്ല.



മരമാകെ കുലുങ്ങി,കുന്ന് നികത്തുകയാണ്.
കുഞ്ഞിവേഴാമ്പൽ താഴെ വീണു.
അമ്മയ്ക്ക് കരച്ചിലടക്കാനായില്ല.പിന്നീട് മരം വീണു.

തീറ്റത്തേടിപ്പോയ ആൺവേഴാമ്പൽ തിരികെയെത്തി.
അവനാക്കണ്ട് നടുങ്ങി.ചത്തുകിടക്കുന്ന കുഞ്ഞ്, വീണുടഞ്ഞ മുട്ടകൾ,പരിക്കേറ്റവശയായ തന്റെ ഇണ. അവൻ താഴെയിറങ്ങി.

എന്ത്..സം..ഭവിച്ചു,  അവൻ തേങ്ങലോടെ ചോദിച്ചു.
പറഞ്ഞു തുടങ്ങുന്നതിനുമുന്നേ അവളുടെ കണ്ണുകളടഞ്ഞു.
പെട്ടെന്നൊരു കല്ല് വന്ന് അവന്റെ തലയ്ക്ക് വന്നു കൊണ്ടു.
മരണവെപ്രാളത്തിനിടയിലവൻ കണ്ടു,ആർത്ത് ചിരിച്ചുകൊണ്ടോടി വരുന്ന രണ്ടു കുട്ടികൾ.

*മനുഷ്യനുമാത്രം ജീവിക്കാനുള്ളതാണോ ഈ ഭൂമി??*

*പരജീവിസഹായമില്ലാതെ മാനവരാശിയില്ല.*

*എന്നുവരും,ബോധോദയം?മറ്റുജീവികൾ നശിച്ചതിനു ശേഷമോ?*

## വിശ്വം ദീപമയം

മാലുള്ളതാണി മഹിയെന്നുവെച്ചു
മാഴ്കുന്നതെന്തിന്നു മനുഷ്യരെ! നാം?
തൻസൃഷ്ടിയ്ൽപ്പെട്ടൊരതിന്നുമീശൻ
സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ?

കൈവിട്ടുപോയ്പ്പോയ് പകലെന്നുവെച്ചു
കണ്ണീരൊലിപ്പിച്ചൊരു കാര്യമുണ്ടോ?
വരേണ്ടതല്ലെ നിശയും നമുക്കു
വപുസ്സിനുത്ഥാനമുഷസ്സിലേകാൻ?

ഇനൻ പൊലിഞ്ഞാലുഡുപംക്തിയെക്കൊ-
ണ്ടിരുട്ടുതൽക്കാലമകറ്റിയീശൻ
അടഞ്ഞ കൺ നമ്മൾ തുറന്നിടും മുൻ
പദ്ദീപമേകുന്നു കൊളുത്തി വീണ്ടും

വേലയ്ക്കു ദീപപ്രഭയാത്ര വേണം
വിശ്രാന്തികൊള്ളുന്നതിനിത്രപോരും
അതായിരിക്കും പൊരുളാപ്രവൃത്തി
ക്കജന്ഹിതം മർത്ത്യനറിഞ്ഞു ചെയ്വോൻ

വിളക്കു കത്തിപ്പതിനന്തിയായാൽ
മിന്നാമിനുങ്ങും ത്വരയാർന്നിരിക്കെ
ദീനത്വമെന്തിന്നു നമുക്കു മാത്രം
തീക്കോലുരയ്ക്കാൻ തിരിയിൽകൊളുത്താൻ

അല്ലങ്കിലും സ്വച്ഛവിവേകദീപ-
മകത്തു കത്തുന്നളവേതു ധീരൻ
വിഷാദമേന്തും, വിധി ദൂരെയെങ്ങോ
വിയത്തിൽ മിന്നിച്ച വിളക്കുകെട്ടാൽ

ഉണർന്നിടാമെന്നു നിനച്ചുതന്നെ
യുറങ്ങുവാനോർപ്പതു  നമ്മളെല്ലാം
പ്രദുർഭവുച്ചാൽ മതി,യമ്മഹത്താം
പ്രത്യാശ സർവത്തിലുമൊന്നുപോലെ

മനസ്സിൽ നൈരാശ്യമെഴുന്നു വന്നു
മധ്യാഹ്നവും പ്രത്യഹമരധരാത്രം
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂര്യാംശുദീപ്തം പകൽപ്പോലെ തന്നെ

സംമ്പാദക-അർച്ചന വിനയൻ 9B

**കഥ** **അംന ഫാത്തിമ 8 എ**

# പേമാരിയോർമ

.........................................................................................

ഒരു ദിവസം ഞാൻ നടക്കാൻ ഇറങ്ങി. അങ്ങനെ നടന്നു പോകുമ്പോൾ വഴിയിൽ ഒരു കുട്ടി കിടന്നു കരയുന്നു. ഞാൻചോദിച്ചു എന്തു പറ്റി. നീ എന്തിനാ കരയുന്നത്? അപ്പോൾ ആ കുട്ടി പറഞ്ഞു: എനിക്ക് വിശന്നിട്ടു വയ്യ എനിക്ക് അൽപ്പം ഭക്ഷണം കിട്ടിയിരുന്നെങ്കിൽ. അങ്ങനെ ഞാൻ അവനെയും കൂട്ടി ഒരു കടയിൽ പോയി. അവൻ വേണ്ടെതല്ലാം വാങ്ങി കൊടുത്തു. അവൻ അത് സന്തോഷത്തോടെ കഴിച്ചു. അങ്ങനെ ഞാൻ അവനെ വീട്ടിലേക്ക് കൊണ്ടു വന്നു. അവന് നല്ല വസ്ത്രവും ഭക്ഷണവും നൽകി. അങ്ങനെ കുറേ കാലം ജീവിച്ചു പോന്നു.

ഒരു ദിവസം ഞാൻ അവനെ കുറിച്ചും അവന്റെ വീട്ടുകാരെ കുറിച്ചും ചോദിച്ചു അങ്ങനെ അവൻ എന്നോട് പറഞ്ഞു

ഞാനു എന്റെ ഉപ്പയും ഉമ്മയും അനിയത്തിയുമായിരുന്നു വീട്ടിൽ ഉണ്ടായിരുന്നത്.എന്റെ അനിയൻ ഉണ്ടായിട്ട് ഏഴു മാസം ഉണ്ടായിട്ടുണ്ടായിരുന്നു. ഒരു ദിവസം എന്റെ ഉപ്പ പണിക്കു പോയനേരത്ത് വഴിയിൽ ഒരു ബഹളം കണ്ട് അങ്ങോട്ടു ചെന്നു. അപ്പോൾ അവിടെ ഒരു കച്ചറ നടന്നു കൊണ്ടിരിക്കുകയാണ്. എന്റെ ഉപ്പാന്റെ അനിയനും ഉണ്ടായിരുന്നു കൂടെ. അപ്പോൾ ഉപ്പാന്റെ അനിയൻ പറഞ്ഞു ഹേയ് ഇത് റോഡാണ് ആ ആംബുലൻസിനെ കടത്തി വിട് ഇവിടെ നിന്നാണ് കച്ചറയുണ്ടാകുന്നത്.എത്ര വാഹനങ്ങളെയാണ് തടഞ്ഞു നിർത്തിയിരിക്കുന്നത് അതു പറയാൻ നീ ആരടാ....

എന്നു ചോദിച്ചു അങ്ങനെ എന്റെ ഉപ്പാന്റെ അനിയനും അയാളും കൂടി തല്ലായി. എന്റെ ഉപ്പയുടെയും അനിയന്റെയും മുഖഛായ ഒന്നായിരുന്നു. അങ്ങനെ ഇവർ രണ്ടു പേരും കൂടി ഓടി രക്ഷപ്പെട്ടു.

അങ്ങനെ കുറെ കാലം കഴിഞ്ഞു. ഒരു ദിവസെ ഭയങ്കര മഴയാണ്. ഇടിയും മിന്നലും എല്ലാം ചേർന്ന് ഭയങ്കര ഇരുട്ട്. ഭയങ്കര ശബ്ദവും. അങ്ങനെ കരണ്ടു പോയി. എല്ലാവരും ഭയന്നിരിക്കുമ്പോൾ പെട്ടെന്നിടി വെട്ടി അതിൽ എമർജന്സി അടിച്ചു പോയി. പിന്നെ ഉള്ളത് മെഴുകുതിരിയും. അതാണെങ്കിൽ കാണുന്നുമില്ല. അങ്ങനെ തപ്പിപിടിച്ച് മെഴുകുതിരി കത്തിച്ചു. അപ്പോൾ ജനലിനരികിൽ ഉപ്പ ഒരു നിഴൽ കണ്ടു. ഉപ്പ പറഞ്ഞു പുറത്താരൊ ഉണ്ട് ഉപ്പയും ഉമ്മയും അത് നോക്കാനായി പോയി.ഞങ്ങളെ വീടിനകത്ത് അടച്ചിട്ടു. പിന്നെ ഒരു അനക്കവും ഇല്ല. അങ്ങനെ രാവിലെ ഞാൻ മെല്ലെ വാതിൽ തുറന്നപ്പോൾ ഉപ്പയും ഉമ്മയും ചോരയിൽ കുളിച്ചു കടക്കുകയാണ്. ഞാൻ അടുത്തുള്ളവരെ വിളിച്ച് എന്റെ ഉപ്പാന്റെ മയ്യത്ത് അടക്കി. ഞാൻ അനിയത്തിയെ എടുത്ത് എങ്ങോട്ടെന്നില്ലാതെ നടന്നു.

അങ്ങനെ കുറേ ദിവസം ഞങ്ങൾ പട്ടിണി

കിടന്നു. അനിയത്തിക്ക് വിശക്കാൻ തുടങ്ങി ഞാൻ ജിലേബി ചുടുന്ന കടയുടെ മുന്നിൽ പോയി നിന്നു. അവിടെ ഭയങ്കര തിരക്കായിരുന്നു. അപ്പോൾ അയാളുടെ കയ്യിൽ നിന്ന് ഒരു ജിലേബി തെറിച്ചു. ഞാൻ ഓടിച്ചെന്നതെടുത്ത് അയാളെ ഏൽപ്പിച്ചു. പക്ഷെ എന്റെ അനിയത്തിയും അയാളും അവിടെ ഉണ്ടായിരുന്നില്ല. എന്ന് പറഞ്ഞ് അവൻ പൊട്ടി കരഞ്ഞു. ഇത് കണ്ട് എനിക്ക് സങ്കടം വന്നു.

*കവിത* — *-ഷിഫ്ന ഷെറിൻ 10 എ*

## -----എന്റെ കൊച്ചു പെണ്ണും പൊരുതുന്ന ജീവിതവും-----

എന്തിനുംഏതിനും പൊരുതിമരിക്കുന്ന
ചതിയല്ല നുണയല്ലെൻ പെണ്ണ്.
ഒന്നിനുമവകാശമില്ലേയെൻപെണ്ണിന്.
ഈ ലോകമെന്നൊരു കൊച്ചുഭൂവിൽ
ചതിയും വ്യഭിചാരവുമുയരുമീ ലോകത്ത്
ഉള്ളിൽ നിറയും വിഷക്കുരുക്കൾ

അറിയാതെയുള്ളിൽ നിറഞ്ഞുനിൽക്കൊന്നിരി
ഒന്നിനും പറ്റാത്ത ചില വാക്കുകൾ
സൂര്യൻ പ്രകാശം പകരും ചിലയാമം
ചുട്ടുവിറയ്ക്കുമീ പെണ്ണുങ്ങളും
മക്കളുമുണ്ട്,ബന്ധങ്ങളുണ്ടന്നാലും
നന്മയിലല്ല നമ്മൾ പാരിതിലാർക്കുമേ

വേണ്ടാത്ത വേസ്റ്റുകൾ നാം
ചില വേസ്റ്റുകൾ നാം
ഉള്ളിൽ ചതിയും പുറത്തൊരു നന്മയും

എന്തറിയഭിനയം വെറുതേ മാത്രം

ഒന്നിനും ജീവിതം മുരറിച്ചുക്കൊടുക്കാത്ത
നന്മയുള്ളോരാണെൻ കൊച്ചുപ്പെങ്ങൾ
വളരുമീ ലോകവും ഒഴുകുമീ സ്ത്രീകളും
പണത്തിനുവേണ്ടി മരിക്കാൻ തയ്യാറുള്ളോർ
സൂര്യനും പുസ്തകതാളുകൾക്കും

പുരുഷനുകൊടുക്കുവാനുള്ളതെൻ ജീവിതം
അവകാശം നൽകുന്ന, നീതിന്നടത്തുന്ന
ധൈര്യ-ധീരവനിതയാവേണമെനിക്കിനി
വാക്കുകളിലല്ല കാര്യം പ്രവൃത്തിയിൽ
തന്നെയല്ലേ കൂട്ടുകാരെ...

നിങ്ങൾ പറയുയവകാശമില്ലേയിഭൂവിൽ
പതിനാറ് വയസ്സിന്റെ ഉൾമുനയിൽ
കത്തിജ്വലിക്കുമീ സ്ത്രീകളായിരം
തൊടുമ്പോൾ കുളിരുള്ള പൂവല്ലിപ്പോൾ
തൊടുമ്പോൾ പൊള്ളുന്ന കനലായിടും

ഒന്നിനുമില്ല ചതിയുമില്ല
വഞ്ചനയുമില്ല സ്നേഹമെന്നുള്ള
മൂന്നക്ഷരത്താളിൽത്തളിർക്കുമീ
പൂമൊട്ടുപ്പോലെയാണെൻപ്പെങ്ങൾ

ധീരയായ്,അന്തസ്സായ്,അഭിമാനമായ്
വന്നു പാറണം പാറണം
ഈ വനിതകൾ ലോകമറിയുന്ന
കാവലിൻ ദീപമായ് ഉണരും

പട്ടം


ധീരയായ്,സത്യദീപ്തിയായി

കഥ

ഗോപിക കെ എസ് 9 ബി

# ഒരു മുത്തശി മാവിന്റെ കഥ

ഞങ്ങളുടെ വീടിന്റെ അടുത്ത് ഒരു മാവുണ്ടായിരുന്നു.ആ മാവ് വളരെ പഴക്കം ചെന്നതും നല്ല തടിയും വലിപ്പവുമുള്ള മാവായിരുന്നു.ഞങ്ങൾ ആ മാവിനെ മുത്തശി മാവ് എന്നയിരുന്നു വിളിച്ചിരുന്നത്.മുത്തശി മാവിന്റെ മാങ്ങ വളരെ മധുരമുള്ളതും വലരെ വലുപ്പം ഏറിയതുമായിരുന്നു.ഞങ്ങൾ എപ്പോഴും മുത്തശി മാവിന്റെ അടുത്ത്പോവുകയും,കുറെ മാങ്ങ പെറുക്കുകയും ,കിട്ടുന്നതിൽ ഒരു മാങ്ങ മുത്തശി മാവിന് വേണ്ടി വെക്കുകയും ചെയ്യും. പിന്നീട് വരുമ്പോൾ ആ മാങ്ങ കാണില്ല. ചിലപ്പോൾ അത് ആരെങ്കിലും എടുത്തിട്ടുണ്ടാകും.ഞങ്ങളുടെ വിശ്വസം ആ മുത്തശി മാവ് മാങ്ങ കഴിച്ചിട്ടുണ്ടാകും എന്നാണ്. ഞങ്ങൾ മുത്തശി മാവിന്റെ അടുത്തുപോയി ഒരു മാങ്ങ തരാൻ പറഞ്ഞാൽ മുത്തശി മാവ് കൊഴിച്ചു തരും. പിന്നീട് ആ മാവിന്റെ ഉടമസ്ഥൻ രണ്ടു ലക്ഷം രൂപയ്ക്ക് മുറിച്ചു വിറ്റു. ഞങ്ങൾക്ക് ആ സംഭവം വലരെ വിഷമമായി.



കവിത

സ്റ്റെനി പി എ സ് 10 എ

# കൺതുറക്കാത്ത മനുഷ്യത്വം

ദൈവത്തിന്റെ സ്വന്തം നാടാണ കേരളം
ഇന്നീ നാട്ടിൽ കൊടും ക്രൂരത മാത്രം
കുടുംബബന്ധത്തിന്റെ പൊട്ടാത്ത ചരടുകൾ അമ്മമാരാണെന്ന് നാം ഓർക്കണം.

നന്മകൾ മാത്രം നിറഞ്ഞിരുന്ന
ഈ നാട് എങ്ങു പോയി
എങ്ങു പോയി എങ്ങു പോയി
കത്തികുത്തും കള്ളവാറ്റും
നിലനിൽക്കുന്ന ഈ നാട്

പട്ടിണി പാവങ്ങൾ നമ്മുടെ നാട്ടിൽ
നിര നിരയായി നിന്നിടുന്നു
ഇന്നും പലർക്കും അന്ന
മെല്ലാം ഒരു സ്വപ്നമാണ്

കിട്ടുന്ന അന്നം തിന്നുവാൻ
സമ്മതിക്കാത്ത മുതലാളികൾ ഇന്നുമുണ്ട്
പിഞ്ഞിക്കീറിയ ബ്ലൗസ്സും നിറം
മങ്ങിയ സാരിയും ഉടുത്ത ഒരമ്മ
ഭിക്ഷയാചിച്ചിടുന്നു

പിച്ചച്ചട്ടിയിലുള്ള പൈസയും
അരിയും കാൽകൊണ്ട് തട്ടി മാറ്റിടുന്നു
ഈകൺതുറക്കാത്ത മനുഷ്യത്തത്തെ
നാം ശക്തമായി ശക്തമായി നേരിടണം
നാം ശക്തമായി ശക്തമായി നേരിടണം
ഇന്ന് ഈ കാലത്ത് ഡോക്ടർമാരെല്ലാം
ക്രൂരന്മാരായി മാറിടുന്നു

ഒരാളുടെ ജീവൻ രകഷിക്കേണ്ട ഇവർ
രോഗിയുടെ ജീവൻ അപകടത്തിലാക്കുന്നു




**ഹെൽബിൻ ലാലു 9B**

# നഗരത്തിൽ ഒരു യക്ഷൻ

മാഞ്ഞു പൂതുമ വിവാഹിതയാം മുമ്പ്
നീയണിയാറുള്ള ഭംഗികൾക്കൊക്കെയും
വേനലിൻ ചൂടിൽ വരണ്ടു കൊട്ടും മഞ്ഞു
കാലത്തഭംഗികലർന്നു നിൻ ചുണ്ടുകൾ
പേന മരിച്ചു കിടപ്പൂ നിൻ ട്രങ്കിന്റെ
മൂലയിൽ, കൊക്കുകൾ പൂട്ടിയിരുന്നു നാം
എത്രയോ ദമ്പതിമാർ തൻ മധുവിധു
ച്ചിത്രങ്ങൾ തൂങ്ങും തളത്തിലെ ഭിത്തിമേൽ
നാമന്നു നിഷ്ക്കർഷ പാലിച്ചെടുത്തൊര
ച്ഛായയും തൂങ്ങിക്കിടപ്പുണ്ടൊരോർമ്മയായ്
മാറ്റമുണ്ടാകയാൽ രണ്ടുനാൾ ദീരത്തി
ലുള്ള തിരക്കാർന്ന പട്ടണം പൂകി ഞാൻ
ഓഫീസിലൊപ്പം പണിയെടുക്കുന്നവ
രൊത്തൊരു ലോഡ്ജിൽ കഴിയുന്ന വേളയിൽ
നിന്നഭാവത്തിലനുഭവിക്കുന്നു ഞാ
നമ്മയെ പണ്ടു പിരിഞ്ഞതിൻ വേദന
വീറുപിടിച്ചവർ വാദിച്ചു വിശ്രമ
വേളയിൽ വൃത്താന്തപത്രക്കുറിപ്പുകൾ
ബാല്യകാലത്തിൻ നറുങ്ങുകഥകളാൽ
പിന്നെയും മാധുരി ചേർത്തു നീ കാപ്പിയിൽ
ബൊംബയിൽ താമസിച്ചീടുമമ്മായിതൻ
വീമ്പും പകൽവന്ന ഭിക്ഷുവിൻ ദൈന്യവും
ഞാനറിയാതയൽപക്കത്തുകാരിതൻ
മാസക്കുറിയിൽ നറുക്കൊന്നു ചേർന്നതും
രാവിൽ നിലാവുമറയുംവരെച്ചൊല്ലു
മാറില്ലയോ വീട്ടുമുറ്റത്തിരുന്നു നീ
മൂളയ്ക്കിലപ്പോൾ പിണങ്ങിക്കിടക്കുവാൻ
പോയിടാറില്ലേ പലപ്പോഴുമന്നു നീ

പൂട്ടിവച്ചുള്ള മനസ്സോടിരുന്നു ഞാ
നോർക്കുകയാണദ്ദിനങ്ങൾ തൻ ലാഘവം
പോയ മധുവിധുകാലത്തിനേക്കാളു
മിന്നു പ്രിയമുണ്ടെനിക്കു നിന്നോടെടോ

**സംമ്പാദക: ഫിദ ഫാത്തിമ 9 എ**



**അഭിനവ് പി എസ് 9 B**

കവിത

ഷിഫ്ന ഷെറിൻ 10 ബി

# അമ്മ എന്ന മുല്ലമൊട്ട്

അത്തഴപക്ഷ്ണിക്കുപോലും വകയില്ല-
ത്തുണ്ടന്റെ നാട്ടിൽ ഒരു കുടുംബം
പിഞ്ഞിയ സാരിയും കീറിയ സ്വപ്നവും
നിത്യവും വീട്ടിൽ പതുങ്ങി എത്തി

നോവും ഇടനെഞ്ചിന്റെ തേങ്ങലുമായതാ
മുറ്റത്തു നിൽക്കുന്ന അച്ഛൻ സഹോദരി
സ്നേഹിച്ചിരുന്നൊരു പുൽച്ചെടിയും
കൂടെ കതിരണിയാത്തൊരു ചെറു സ്വപ്നവും

വയ്യ ആ അമ്മക്കു മാറോടു ചേർത്തുതൻ
പൈതൽ കിടാവിനെ താലോലമാട്ടുന്നു
ചന്തമില്ലെങ്കിലും നെറ്റിയിൽമായാത്ത
പാതി വൃത്യത്തിന്റെ സിന്ദൂരവും

അക്കരെയുള്ളൊരാകൊച്ചു ആസ്പത്രിയിൽ
ജീവൻ വെടിയുന്ന എന്നമ്മയും
ആരുണ്ടെനിക്കിനി താരാട്ടുപാടുവാൻ
ആരുണ്ടെനിക്കിനി പൈമ്പാലുതന്നിടാൻ

പിഞ്ചുപൈതലും മാറത്തടിച്ചുകരയുന്ന
ആരുമ്ടെനിക്കിനി കൊച്ചു ഭൂവിൽ

കയ്യിൽ പണമില്ല എങ്ങെനെ പോകും ഞാൻ
ഇവളുടെ സ്വപ്നമായ ആ കൊച്ചു വീട്ടിൽ
വണ്ടിയുമില്ലിവിടംവരെനടന്നു ഞാൻ
നെഞ്ചിലെ വേദന ആരറിയാൻ
നോവും ഈ ആത്മാവിൻ സുഖത്തിനായ്
ഞാൻ എന്തു ചെയ്യും ഭഗവതീ കേൾപ്പു നീ
ആരാരുമില്ലാത്ത എൻ പിഞ്ചു പൈതലിൻ
തേങ്ങൽ കേൾക്കാനിനി ആരു വരും
പറയൂ ആരു വരും
ചുട്ടു പൊള്ളുന്ന കൊടുമണൽ തീരവും
താണ്ടി ഞാൻ എങ്ങനെ വീട്ടിലെത്തും
ഇനി ആരു വരും ഈ വീടിന്റെ ഐശ്വര്യം
കാത്തു സൂക്ഷിക്കാൻ എൻ ഭഗവതീ
നീറിനീറി ഞാൻ പാടുന്ന പാട്ടിന്റെ
നോവാരറിയാൻ എൻ ശ്രോതാക്കളെ
പറയൂ നോവരറിയാൻ എൻ കൂട്ടുകാരെ
പോകയായ് നീലക്കടലുപ്പോൽ എന്നമ്മ
കണ്ണീരു മാത്രമിനിബാക്കിയായി

പട്ടം

## ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ

::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::



::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::::

എറെ പോരായ്മകൾ ഉണ്ടന്നറിയാം എങ്കിലും ഞങ്ങളുടെ ഈ എളിയ സംരഭത്തിന് ചിറകുകൾ നല്കി,സൃഷ്ടികൾനല്കിസഹായിച്ചസഹപാഠികൾക്ക് ഡിജിറ്റൽ ആലേഖനത്തിന് മുന്നിൽ നിന്നവർക്ക് കൈപിടിച്ചുയർത്തിയ അധ്യപർക്ക്  ഏവർക്കും **നന്ദി.... നന്ദി....**